**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 779 — 05.06.2018 - ൽ മറുപടിക്ക്

## ടൂറിസം മേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ജയിംസ് മാത്യു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര ടൂറിസം നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾവഴിയും നൂതന ടൂറിസം പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ 2018-ൽ തുടങ്ങിക്കഴിഞ്ഞു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ഇൻറർനാഷണൽ/നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവസാന്നിദ്ധ്യമാകാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മികച്ച നൂതനമായ പരസ്യ ക്യാമ്പയിൻ ഈ വർഷം നടപ്പിലാക്കി വരുന്നു.<br>ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി ( രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- പൈതൃക ഗ്രാമ പദ്ധതികൾ
- ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനും ഊന്നൽ നൽകിക്കൊണ്ട് "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതി.
- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം
- സ്വദേശ് ദർശൻ
- പ്രസാദ് സ്കീം

| | | | |
|---|---|---|---|
| ബി) | ടൂറിസം മേഖലയിൽ മുതൽമുടക്കാൻ താത്പര്യമുള്ള പ്രവാസികളെ സഹായിക്കുന്നതിനായി 'ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) | പ്രഖ്യാപിത ടൂറിസം നയം അനുസരിച്ച് ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ രൂപീകരിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| സി) | ഈ മേഖലയിലെ യുവസംരംഭകർക്ക് നൂതന ആശയങ്ങൾ അവതരിപ്പിക്കാൻ 'ന്യൂ ഐഡിയ മീറ്റ്', നിക്ഷേപകങ്ങൾ | സി) | ടൂറിസം മേഖലയിലെ യുവ സംരംഭകർക്കായി ഐഡിയ കം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് അസോസിയേഷൻ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക. സംസ്ഥാനതല മീറ്റ് ഈ വർഷം അവസാനത്തോടെ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| ആകർഷിക്കാൻ 'ഇൻവെസ്റ്റേഴ്സ് മീറ്റ്' എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഇതിന് പുറമേ ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.റ്റി.പി.സി.കൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെ കൂടെ സഹകരണത്തോടെ പ്രസ്തുത മീറ്റ് സംഘടിപ്പിക്കും. |

സെക്ഷൻ ഓഫീസർ